ഉത്തരം

കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവൃത്തികളുടെ ഇനവിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	പ്രവൃത്തി ആരംഭിച്ചത്	നിലവിലെ പുരോഗതി (ശതമാനത്തിൽ)
1	ടാക്സി ട്രാക്ക്	സെപ്റ്റംബർ 2015	60%
2	പാരലൽ ടാക്സിവേ	സെപ്റ്റംബർ2015	55%
3	അപ്രോച്ച് റോഡ്	മാർച്ച് 2015	30%
4	ഇന്റേണൽ റോഡ്	ജനുവരി 2015	5%
5	പ്രോപ്പർട്ടി ബൗണ്ടറിവാൾ	ഫെബ്രുവരി 2014	62%
6	ഓപ്പറേഷൻ ബൗണ്ടറിവാൾ	സെപ്റ്റംബർ 2015	12%
7	സ്റ്റോം വാട്ടർ ഡ്രൈൻ	ജൂൺ 2015	20%
8	കാർ പാർക്കിംഗ്	നവംബർ 2015	5%
9	റൺവെ ലൈറ്റിംഗ്	സെപ്റ്റംബർ 2015	10%
10	നാവിഗേഷൻ ഉപകരണ ബിൽഡിംഗ്	ജനുവരി 2016	5%
11	അപ്രോച്ച് ലൈറ്റ്	ജനുവരി 2016	5%
12	ടെർമിനൽ ബിൽഡിംഗ്	16-08-2014	62%
13	കൺട്രോൾ ടവർ & ടെക്നിക്കൽ ബ്ലോക്ക്	16-08-2014	80%

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ വിമാനത്താവള നിർമ്മാണം

257 (234) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അനുസരിച്ച് നിശ്ചയിച്ച് അംഗീകരിച്ച റൺവെയുടെ ദൈർഘ്യം എത്രയായിരുന്നു;

GPM. 2/237/2020-99

(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവെയുടെ ദൈർഘ്യം എത്രയാണ്;

(സി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അംഗീകരിച്ചതു പ്രകാരമുള്ള റൺവെയുടെ ദൈർഘ്യം കുറക്കാനിടയായ സാഹചര്യമെന്താണെന്നു വിശദമാക്കമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനുള്ള ഡി.പി.ആർ. അനുസരിച്ച് റൺവേയുടെ നീളം ഒന്നാംഘട്ടത്തിൽ 3050 മീറ്ററും രണ്ടാംഘട്ടത്തിൽ 3400 മീറ്ററുമാണ്.

(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവേയുടെ ദൈർഘ്യം 3050 മീറ്ററാണ്.

(സി) ഡി.പി.ആർ.-ന് ഡി.ജി.സി.എ.-യുടെ അനുമതി ആവശ്യമില്ല. എയർപോർട്ടിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ച മാസ്റ്റർ പ്ലാനിൽ കാണിച്ചിരിക്കുന്ന റൺവേ നീളത്തിൽ കുറവ് വരുത്തിയിട്ടില്ല.

കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ്

258 (235) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ് മൊത്തം എത്ര കോടിയെന്നും ഭൂമിക്കു വേണ്ടിവരുന്ന തുക എത്രയെന്നും; എത്ര ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) റൺവേയുടേയും എയർസൈഡ് വർക്കിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പാസഞ്ചർ ടെർമിനലിന്റെ എസ്റ്റിമേറ്റ് തുക, എസ്റ്റിമേറ്റ് ചെയ്ത റൺവേയുടെ നീളം, നിലവിലുള്ള നീളം എന്നിവ എത്രയെന്നും റൺവേയുടെ എത്ര ശതമാനം വർക്ക് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly